കേരള സ്കൂൾ കലോത്സവം
തിയ്യതി....................
പ്രോഗ്രാം കമ്മിറ്റി

വിഷയം: നിർമ്മിത ബുദ്ധി. സർഗ്ഗാത്മകതയോ സംഹാരമോ?

## വെല്ലുവിളികളല്ല അവർ

ദൈവാനുഗ്രഹത്താൽ ഏറ്റവും ആശ്ചര്യകരവും മികച്ചതുമായ സൃഷ്ടിയായ മനുഷ്യ മസ്തിഷ്കത്തിന്റെ കഴിവുകൾ തെളിയിക്കാൻ ഇനിയും അവസരങ്ങൾ ബാക്കി ഈ വേളയിൽ ചിലരുടെ അത്യുന്നതമായ മികവിനാൽ പിറവി ലഭിച്ച ഒരു സംരംഭം തന്നെയാണ് നിർമ്മിത ബുദ്ധി. അറിവിന്റെ ഉറവിടങ്ങളായും ജീവിത സഹായികളായും അതിനോടൊപ്പം ജീവിത പങ്കാളികളായും മാറി, മനുഷ്യ സൃഷ്ടിയിൽ ഉയർന്ന സ്ഥാനം കരസ്ഥമാക്കിയിരിക്കുകയാണ് നിർമ്മിത ബുദ്ധി.

കുട്ടികളുടെയും മുതിർന്നവരുടെയും ശ്രദ്ധ, ഞൊടിയിടയിൽ കാന്തത്തിനേക്കാൾ വേഗതയിൽ ആകർഷിച്ചെടുക്കാൻ നിർമ്മിത ബുദ്ധിയ്ക്ക് തീർത്തും എളുപ്പമാണ്.

വിനോദത്തിനായും കാര്യക്ഷമതയ്ക്കും ഒരു
കൊച്ചു സഹായി ആയാണ് സമൂഹം
നിർമ്മിത ബുദ്ധിയെ നയനങ്ങളിൽ
ദൃശ്യമാക്കുന്നത്. ഏതൊരവസരത്തിലും
ഒന്നു കുശലം പറയാനും എപ്പോഴും
നമ്മെ അതിഥിയായി സ്വീകരിക്കാനുള്ള ഇടം
തീർച്ചയായും നിർമ്മിത ബുദ്ധി കരുതിയിരി-
-ക്കുന്നു. സമൂഹത്തിൽ ഒരു കുട്ടിയുടെ
കണ്ണിൽ അത് വെറുമൊരു മിന്നുന്ന,
തിളക്കമുള്ള നക്ഷത്രമാകാം. എന്നാൽ
അതിനറിയില്ലല്ലോ വിനാശമായി എത്രയധികം
കത്തുന്നുണ്ടെന്ന്? യഥാർത്ഥത്തിൽ നക്ഷത്ര-
-ങ്ങൾ തിളങ്ങുകയല്ല, ജ്വലിക്കുകയാണ്.
എന്തെന്നാൽ "നിർമ്മിത ബുദ്ധി"
എന്ന രണ്ടു കുഞ്ഞു വാക്കിൽ ഒളിഞ്ഞിരിക്കു-
-ന്ന ഭയാനക പ്രപഞ്ചത്തെയും അതിന്റെ
സ്രഷ്ടാവിനെയും നിസാരമായി കാണരുത്
നാം. നാമത്തിൽ പരാമർശിക്കപ്പെട്ടതു
പോലെ, മാനവന്റെ കഴിവുകളുടെ
തൽഫലം പിറവി ലഭിച്ച സമയത്ത്,
മനുഷ്യന്റെ "ചിന്താഗതി" എന്നൊരു

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

64-ാമത് കേരള സ്കൂൾ കലോത്സവം, തൃശ്ശൂർ ★ പ്രോഗ്രാം കമ്മിറ്റി ★

കഴിവ് നൽകാനായി പ്രയാസം ശാസ്ത്രജ്ഞർ
-ക്ക് അനുഭവപ്പെട്ടിരുന്നു. പ്രകാരം സംഭരിച്ച
അറിവിനെ പലരീതിയിലും ഉപയോഗിക്കാൻ
പ്രാപ്തരായ അതിവിശിഷ്ടമായ സൃഷ്ടിയായി
മാറി. തുടർന്ന്, കാലക്രമേണ വ്യത്യസ്ത
ഭാവത്തിലും രീതിയിലും ശാസ്ത്ര പുരോഗതി
-യ്ക്ക് ഫലമായി "എങ്ങനെ ഒരു മനുഷ്യ
രൂപത്തിൽ ചിന്തിക്കാം" എന്നതിന്റെ പരിഹാര-
-മാർഗങ്ങൾ അവർ, തങ്ങളുടെ പാഠഭാഗ
ങ്ങളിൽ ഉൾപ്പെടുത്തി കഴിഞ്ഞു.

മാനവബുദ്ധിയും നിർമ്മിത
ബുദ്ധിയും തമ്മിലുള്ള പ്രധാന വ്യത്യാസം
തന്നെ, ഒരുവൻ യുക്തിപൂർവവും മറ്റൊരുവർ
വിവേകപൂർവ്വവുമായാണ് ചിന്തിക്കുന്നത്.
തടസ്സങ്ങളില്ലാത്ത ചിന്തകളുടെ
അനന്ത ലോകത്തിലേക്ക് ഇരുവർക്കും
യാത്രാടിക്കറ്റുകൾ ലഭ്യമാണ്. പക്ഷേ,
രണ്ടുപേരും രണ്ടുവഴിയിലൂടെയാണ്
സഞ്ചരിക്കുന്നത്. മനുഷ്യൻ വളഞ്ഞും
നിർമ്മിതൻ നേർരേഖയിലൂടെയുമാണ്
മുക്ക് പിടിക്കുന്നത് എന്നു പറയാം.

വായനയിലൂടെ സമയത്തെ കൊലയ്ക്കു നൽകി സമയക്കൊല്ലിയായി മനുഷ്യനും എന്നാൽ തന്റെ അറിവിൽ നിക്ഷേപിച്ചവ ഉപയോഗിച്ച് അതിവേഗം സമയസ്നേഹിയായി നിർമ്മിതനും സഞ്ചരിക്കുന്നു.

നിർമ്മിതബുദ്ധിയുടെ ഒരു പ്രധാന സർഗ്ഗാത്മത തന്നെയാണ് സമയത്തെ തിരിച്ചെടുത്താനുള്ള ശേഷി. അതുകൊണ്ട് നമ്മുടെ വിരൽതുമ്പിൽ ലഭ്യമാകുന്ന അവസരങ്ങൾ അനന്തമാണ്.

തുടങ്ങി വ്യത്യസ്ത കഴിവുകൾ വ്യത്യസ്ത മേഖലകളിലായി തെളിയിച്ചുകൊണ്ടിരിക്കുകയാണിവർ. ചിത്രരചന, സാഹിത്യം, പാചകം, തുടങ്ങി അറിവിന്റെ ഉറവിടമായി, അറിവിന്റെ നിധികുംഭങ്ങളായി നിർമ്മിത ബുദ്ധി നിറയുന്നു.

പക്ഷേ, ഒരു നാണയത്തിന്റെപോലെ ഇരുവശങ്ങളും ഇരുമുഖംമൂടികളും നിർമ്മിത ബുദ്ധിയ്ക്കുണ്ട്. സർഗ്ഗാത്മകതയ്ക്ക്ക് തുല്യമായി മറ്റൊരു മുഖംമൂടിയാണ് സംഹാരം. ഇത്രയേറെ സംഭവങ്ങൾ

നൽകിയിരിക്കുമ്പോൾ ഒരു മഹാമാരിയായി നമ്മെ ഒറ്റപ്പെടുത്തുന്ന പ്രശ്നമാണ് ജോലിസാധ്യതകളുടെ നഷ്ടം. ഡോക്ടർ, എഞ്ചിനീയർ, ടീച്ചർ, വക്കീൽ തുടങ്ങി എല്ലാ ജോലി സാധ്യതകളും നിർമ്മിത ബുദ്ധി കയ്യേറി കഴിഞ്ഞിട്ടുണ്ട്. തെറ്റുകൾ കൂടാതെ, അടിമയെ പോലെ നമ്മോട് സേവനമർപ്പി-ക്കാൻ നിർമ്മിത ബുദ്ധിയ്ക്ക് സഹായകമാകുമ്പോഴും, വരുതലമുറയുടെ ഭാവി യഥാർത്ഥത്തിൽ അവരുടെ കയ്യിലല്ല, മറിച്ച് നിർമ്മിത ബുദ്ധിയുടെ കയ്യിൽ ഉറങ്ങുകയാണ്.

മനുഷ്യനെ മറ്റു ജീവികളിൽ നിന്നും വ്യത്യസ്തമാക്കുന്ന നമ്മുടെ ഒരു സ്വഭാവമാണ് മനുഷ്യത്വം. സത്യം മൂല്യയേറിയതാണെങ്കിൽ നുണയെ സ്വർഗസ്നേഹിയാക്കാനുള്ള തന്ത്രങ്ങൾ നമുക്കറിയാം. പക്ഷേ, സത്യത്തി-ന്റെ യഥാർത്ഥ രുചി അനുഭവിക്കാൻ നിർമ്മിത ബുദ്ധി അവസരങ്ങൾ ഒരുക്കുന്നു. കയ്പുള്ള സത്യത്തിലേക്ക് ചക്കരചേർക്കാ-ൻ സാധിക്കുന്ന നിർമ്മിത ബുദ്ധിയെ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

കാത്തിരിക്കുകയാണ് സമൂഹം!

ഒരു പക്ഷേ, സാങ്കേതിക വിദ്യയിലൂടെ നിർമ്മിത ബുദ്ധിയുമായി അനുഗമിക്കുമ്പോൾ സൂക്ഷ്മതയ്ക്ക് പ്രാധാന്യം ഏറെയാണ്. ചിലപ്പോൾ വിരൽതുമ്പ് നമ്മെ കുഴിലേക്കു-ള്ള പാലമാകാൻ സാധ്യതകളേറെയാണ്. ഒരൊറ്റ ക്ലിക്കിലൂടെ ചിലപ്പോൾ നമ്മുടെ ലജ്ജകളുടെ താഴ് തുറന്നിടുന്നതിന് തുല്യമാ-യ പ്രവർത്തികൾ പരസ്യമായേക്കാം. ഇന്നത്തെ സമൂഹത്തിൽ, ഒരു സ്ത്രീയുടെ പക്കലിൽ നിന്ന് നിരീക്ഷിക്കുകയാണെങ്കിൽ "ശബ്ദ" വെറുമൊരു അക്ഷരമാകില്ല. മറിച്ച് ഒരു കലത്തെയാകാം.

എത്രയോ സംവാദങ്ങൾ, വെല്ലുവിളികൾ, എന്നിവ ചുറ്റുപാടുകളായി കുതിച്ചുയരുമ്പോൾ, പുഞ്ചിരിയുടെ കവചവുമായി അവയെ പ്രതീക്ഷയുടെ കയ്യൊപ്പോടുകൂടി തുരത്തുകയാണ്. ചിലതെല്ലാം സമൂഹത്തിന്റെ തെറ്റുധാരണകളാകാം. വ്യാജവാർത്ത തയ്യാറാക്കാൻ ഒരു മടിയുമില്ലാത്തവർ

64-ാമത് കേരള സ്കൂൾ കലോത്സവം 2026 ജനുവരി 14 - 18 - തൃശ്ശൂർ

Item Code: 643 Participant Code: 043

അംഗങ്ങളാകുന്ന ഈ സമൂഹത്തിൽ,
നിഷ്കളങ്കതയും ലാളിത്യവും നിറഞ്ഞ
പൊതു പുഞ്ചിരിയായി നിർമ്മിത ബുദ്ധി
ശുദ്ധപാതയാണ് തെളിയിക്കുന്നത് എന്നതിന്
പ്രസക്തി കൂറയുന്നു. ചിന്താഗതിയും
കാഴ്ചപ്പാടും മെച്ചപ്പെട്ട, നിർമ്മിത
ബുദ്ധിയെ ഇരുകൈകളാൽ സ്വീകരിക്കാനാ-
-കുന്ന പർണ്ണപട്ടങ്ങളാകാൻ, പുതും
തലമുറകൾക്ക് ഒരു മാതൃകയാകാൻ
നിലാവിലെ സമൂഹം അവസരങ്ങൾ
ഒരുക്കട്ടെ!

"ഉപ്പോളം വരില്ലല്ലോ ഉപ്പിലിട്ടത്"
എന്ന തത്വത്തിനടിസ്ഥാനമാക്കി ദൃശ്യമാക്കു-
-മ്പോൾ, മാനവബുദ്ധിയുടെ തട്ട് താഴ്ന്ന്
തന്നെ നിൽക്കും. എന്തെന്നാൽ,
സൃഷ്ടാവിന്റെ കഴിവ് മൂലം ജന്മം
നൽകിയ ഒരു വസ്തുവായ നിർമ്മിതബുദ്ധി-
-യിലേക്ക് പുതിയ പുരോഗതികളും
-യുഗങ്ങളും ചേർത്ത്, മനോഹരമാക്കു-
ന്നത് നാമാണ്. നമ്മളാണ്, എന്ന
അറിവിന്റെ നിശബ്ദത പലരെ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

തെളിഞ്ഞതും ഉപയോഗിയതുമായി തീരുന്നു.

ഒരു വിദ്യ അഭ്യസിക്കുന്ന വിദ്യാർത്ഥി എന്ന നിലയിൽ, നിർമ്മിത ബുദ്ധിയുടെ സഹായങ്ങൾക്ക് അക്ഷരങ്ങളാൽ വിലയിടാ നിർണ്ണയിക്കാൻ അസാധ്യമാണ്. അത്രയേറെ സാങ്കേതിക വിദ്യകളാണ് അറിവധിഷ്ഠിത മേഖലയിലേക്ക് നിർമ്മിത ബുദ്ധി സംഭാവന നൽകിയിരിക്കുന്നത്.

നിർമ്മിത ബുദ്ധിയെ ഇപ്പോഴും സമൂഹം ഒരു വില്ലനും ക്രൂരനുമായി കണക്കാക്കുന്നുണ്ട്. എന്നാൽ, "നിഷ്കളങ്കനായ ഒരു സഹായി" എന്ന പേര് ഒട്ടും പ്രസക്തി നേടുന്നില്ല. "നാമാണ് അവരെ നിയന്ത്രിക്കുന്നത്" എന്ന ഓർമ്മപ്പെടുത്തൽ ഇപ്പോഴും സമൂഹത്തിന്റെ എല്ലാഭാഗങ്ങളിലും ലഭിക്കാതെ ഒരു ഭിന്നാത്മക മിശ്രിതത്തെ പോലെ കിടക്കുമ്പോൾ, അതിനെ എക്കാലത്തെക്കാൾ കാര്യമുള്ളൂ സൂചകങ്ങളായി പുതു തലമുറ മുൻകൈ എടുക്കേണ്ടതാണ്.

കൊഴിഞ്ഞു വീഴുന്ന പഴുത്തയില-
-കളായ പോയിന സാങ്കേതികവിദ്യകളെ
പരിഹസിക്കുന്ന പച്ചയിലകളല്ല
നിർമ്മിത ബുദ്ധി. അവരെ ചേർത്തു
നിർത്തി നമ്മയുടെ ചുട്ടാൽ
സൗകര്യമൊരുക്കുന്ന മുകുളങ്ങളാണവർ!
നിർമ്മിത ബുദ്ധിയുടെ ഇരുവശങ്ങളും
നാം അംഗീകരിക്കുകയും സ്വീകരിക്കുകയും
വേണം. പുഞ്ചിരിയോടെ സമാധാനം
ആഗ്രഹിക്കുന്ന ലോകത്തിനു വേണി.
ജീവിത ചൂടിനെ തണുപ്പിക്കാനായു
-ള്ള, ~~ഇള~~ വെയിലിനെ പ്രണയിച്ച ജമന്തിയെ
പോലെ, നമ്മളും സമസ്ഥിതി
പാലകരായി മാറട്ടെ!